**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2611** **14-09-2023 - ൽ മറുപടിയ്ക്ക്**

**ജി.എച്ച്.എസ്.എസ്. കല്ലിങ്കൽ പാടം സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കിഫ്ബി ഫണ്ട് മുഖേന ഒരു കോടി രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ്. കല്ലിങ്കൽ പാടം സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | തരൂർ മണ്ഡലത്തിൽ ഒരു കോടി രൂപ അനുവദിച്ച ജി എച്ച് എസ് എസ് കല്ലിങ്കൽപാടം സ്കൂൾ കെട്ടിട നിർമ്മാണത്തിന് ആദ്യം കരാറിലേർപ്പെട്ട കരാറുകാരൻ പ്രവൃത്തി ആരംഭിക്കുവാൻ തയ്യാറാകാത്തതിനാൽ നിയമപ്രകാരം ടിയാനെ കരാറിൽ നിന്നും SPV ഒഴിവാക്കിയിട്ടുണ്ട്. 2016 എസ്റ്റിമേറ്റ് നിരക്കിൽ അനുമതി ലഭിച്ച ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് 2018 ഡി എസ് ആർ നിരക്കിൽ 1.3 കോടി ആയി പുതുക്കുന്നതിന് ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി 20.04.2023 ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. തുടർന്ന് Sub Project Revision അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ ലഭ്യമാക്കിയിരുന്നു. ഇതിനു 27.07.2023 നു കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സാമന്തരമായി ടി സബ് പ്രോജക്ടിലെ മറ്റ് സ്കൂളുകളുടെ പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിരുന്നത് മൂലം ജി എച്ച് എസ് എസ് കല്ലിങ്കൽപാടം സ്കൂളിന്റെ ടിഎസ് പാക്കേജ് ഉൾപെടുത്തുന്നതിനു ടി സബ് പ്രോജക്ടിൽ തുക അപര്യാപ്തമായി വന്നു. ആയതിനാൽ പദ്ധതി നിർവ്വഹണ ഏജൻസി വീണ്ടും 05.09.2023 ൽ പുതിയ Sub Project Revision കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബിയുടെ പരിശോധനയിലാണ്. അംഗീകാരം ലഭ്യമാകുന്ന മുറക്ക് പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെൻഡർ നടപടികളിലേക്ക് കടക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ